**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട നടപടി പ്രകാരമുള്ള നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(കൈ) നം. 79/2021/ധന. തീയതി, തിരുവനന്തപുരം, 15 ജൂലൈ 2021

പരാമർശം : ആറാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ 3, 10 എന്നീ നമ്പർ ശിപാർശകളിന്മേൽ സർക്കാർ കൈക്കൊണ്ട തീരുമാനം

**<u>ഉത്തരവ്</u>**

വികസന ഫണ്ടിനത്തിലും സംരക്ഷണ ഫണ്ടിനത്തിലും പൂർണ്ണമായും ചെലവഴിക്കാത്ത തുകകൾ പരമാവധി 20% വരെ അടുത്ത സാമ്പത്തിക വർഷത്തേയ്ക്ക് ക്യാരി ഓവർ ചെയ്യാനുള്ള ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശ സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും വികസന ഫണ്ടിലെ പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി 20% വരെ ക്യാരി ഓവർ തുക അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2) 2021-22 മുതൽ ഒരു സാമ്പത്തിക വർഷം വികസന ഫണ്ടിലെ SCSP/TSP വിഹിതത്തിൽ ഉണ്ടാകുന്ന കുറവ് അടുത്ത വർഷത്തെ പൊതു വിഭാഗം ഫണ്ടിൽ നിന്നും പുനരനുവദിക്കുന്ന രീതി പുന:സ്ഥാപിക്കണമെന്നും വികസന ഫണ്ടിന്റെ ഭാഗമായ 3 സെക്ടറുകളിലെ ഫണ്ടുകളും അതിനനുസരിച്ച് ക്രമീകരിക്കേണ്ടതാണെന്നുമുള്ള കമ്മീഷന്റെ ശിപാർശയിന്മേൽ SCSP/TSP വിഭാഗങ്ങളിൽ അനുവദിക്കുന്ന 20% ക്യാരി ഓവർ ഒഴിച്ചുള്ള ഷോർട്ട് ഫാൾ തുക പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. 2020-21 മുതൽ ലഭ്യമാകുന്ന കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റുകൾ ലാപ്സാകുന്നതല്ല എന്ന കമ്മീഷൻ ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു:

i. പ്രാദേശിക സർക്കാരുകൾക്ക് മുൻ സാമ്പത്തിക വർഷം അനുവദിച്ച വികസന ഫണ്ട്, സംരക്ഷണ ഫണ്ട് എന്നിവയിൽ ആ വർഷം ചെലവഴിക്കാത്ത ഫണ്ട് തൊട്ടടുത്ത വർഷം ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുന്നു. വികസന ഫണ്ടിലെ പൊതു വിഭാഗം, പട്ടികജാതി ഉപപദ്ധതി, പട്ടിക വർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിൽ ഓരോന്നിലും പ്രത്യേകമായി ക്യാരി ഓവർ ചെയ്യുന്നതിനും അനുവദിക്കുന്നു. മുൻ സാമ്പത്തിക വർഷം അനുവദിച്ച ഫണ്ടിന്റെ പരമാവധി 20

ശതമാനം വരെ മാത്രമേ ക്യാരി ഓവർ ചെയ്യാൻ അനുവദിക്കുകയുള്ളൂ. എന്നാൽ, ഓരോ സാമ്പത്തിക വർഷവും ലഭ്യമാകുന്ന ഫണ്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുക അനുവദിക്കുന്നത്. 2020-21 മുതൽ അനുവദിച്ച ഫണ്ടുകൾക്ക് 2021-22 മുതൽ ക്യാരി ഓവർ ബാധകമായിരിക്കും.

ii. SCSP/TSP വിഭാഗങ്ങളിൽ 2021-22 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്നതും എന്നാൽ ആ വർഷം ചെലവഴിക്കാത്തതുമായ ഫണ്ട് (അതായത്, ഷോർട്ട് ഫാൾ തുക) തൊട്ടടുത്ത സാമ്പത്തിക വർഷത്തെ പൊതുവിഭാഗം ഫണ്ടിൽ നിന്നും പരിഹരിക്കുന്നതാണ്. 20% ക്യാരി ഓവർ അനുവദിക്കുന്നത് ഒഴിച്ചുള്ള തുകയായിരിക്കും ഇത്തരത്തിൽ നീക്കുപോക്കു വരുത്തുന്നത്.

iii. പ്രാദേശിക സർക്കാരുകൾക്ക് 2020-21 സാമ്പത്തിക വർഷം മുതൽ അനുവദിക്കുന്ന 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ അതതു വർഷം ചെലവഴിക്കാത്ത മുഴുവൻ തുകയും തൊട്ടടുത്ത സാമ്പത്തിക വർഷം പുനഃരനുവദിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രാജേഷ് കുമാർ സിംഗ് IAS**
**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി**

സ്വീകർത്താക്കൾ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും/ ബ്ലോക്ക് പഞ്ചായത്തുകൾക്കും/ ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും /മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ള്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (*E-1682472*)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ